KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS
Vanross Junction, Kerala University P.O., Thiruvananthapuram - 695 034
Phone 0471 - 2326603/04

പത്രക്കുറിപ്പ് 01.07.2025

# ഹൃദ്യം ചികിത്സാ പദ്ധതി അടിയന്തരമായി പുനരാരംഭിക്കണം

**-ബാലാവകാശ കമ്മിഷൻ**

തിരുവനന്തപുരം: ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ഹൃദ്യം പദ്ധതിയുടെ കരാർ പുതുക്കി അടിയന്തരമായി കുട്ടികളുടെ ഹൃദ്രോഗചികിത്സ പുനരാരംഭിക്കാൻ ബാലാവകാശ കമ്മിഷൻ ഉത്തരവായി. 2005 ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മിഷനുകൾ ആക്റ്റിലെ 15-ാം വകുപ്പ് പ്രകാരമാണ് ബാലാവകാശ കമ്മിഷൻ അംഗം എൻ. സുനന്ദ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയത്. പദ്ധതി പുനരാരംഭിക്കുമ്പോൾ ഏറ്റവും അനുയോജരായ കുട്ടികൾക്ക് മുഗണന നൽകണം. രോഗികളും കുട്ടികളെ ചികിത്സിക്കാൻ മാർഗ്ഗമില്ലാത്തവരുമായ നിരവധി രക്ഷിതാക്കളുടെ പരാതികൾ ബാലാവകാശ കമ്മിഷന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച കൺവെൻഷൻ കുട്ടികളുടെ താത്പര്യങ്ങൾക്ക് പ്രാഥമിക പരിഗണനയാണ് നൽകുന്നത്. 2022 മുതൽ ശ്രീചിത്രാ ആശുപത്രിയിലെ ഹൃദ്യം പദ്ധതി പുതുക്കിയതായി കാണുന്നില്ല. ശ്രീചിത്രയിൽ ഹൃദ്യം പദ്ധതി ഇല്ലാതയായിട്ട് 2 വർഷം കഴിഞ്ഞുയെന്നും പദ്ധതി നിലച്ചതിനാൽ പണമില്ലാത്തവരുടെ കുഞ്ഞുങ്ങൾ ജീവന് വേണ്ടി കാത്തിരിക്കുകയാണെന്നും കവടിയാർ ഹരികുമാർ കമ്മിഷന് നൽകിയ പരാതിയിന്മേലാണ് ഉത്തരവ്. ഉത്തരവിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് 30 ദിവസത്തിനകം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കമ്മിഷന് നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്.

പബ്ളിക് റിലേഷൻസ് ഓഫീസർ